# 13. മരണനേരത്ത് ഉരുവിടാവുന്ന അനുഗ്രഹ നാമം-യേശുനാമം

അനേകം ക്രിസ്ത്യാനികൾ മരണനേരത്ത് തുണയും സങ്കേതവും കണ്ടെത്തിയ നാമമാണിത്. അനുഗ്രഹീതയായ 'വി. ജോവാൻ ഓഫ് ആർക്ക്' മരിക്കുമ്പോൾ യേശു എന്ന നാമം ഉരുവിട്ടാണ് മരിച്ചത്. ( CCC . P.85). വി മാർഗ്ഗരറ്റ് മേരി അലക്കോക്ക് മരിക്കുമ്പോൾ യേശു എന്ന നാമം മാത്രമായിരുന്നു അധരത്തിലുണ്ടായിരുന്നത്.



ഉണരുക.......... പങ്കുചേരുക......

''യേശു ശിഷ്യന്മാരോടു പറഞ്ഞു:"...ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ....''

-മത്താ 28:20

യേശു പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങൾക്കും വില കൽപിക്കണം.അവ പഠിക്കണം; പഠിപ്പിക്കണം

ഈ പുസ്തകം വായിച്ച എന്റെ സഹോദരാ/സഹോദരീ അനേകർ ഈ ദൂത് അറിയുവാൻ നീയും കൂടെ അധ്വാനിക്കണം. ഇതിന്റെ ധാരാളം കോപ്പികൾ വാങ്ങി വിതരണം ചെയ്യണം, അനേകരോട് യേശുനാമത്തെപ്പറ്റി പറയണം, അങ്ങനെ നീ ഇന്നുമുതൽ യേശുവിന്റെ സാക്ഷിയാകണം.

1/1/2021 Yeshu Namathinte Shakthi Pages 1 - 38 - Flip PDF Download | FlipHTML5

## 13. മരണനേരത്ത് ഉരുവിടാവുന്ന അനുഗ്രഹ നാമം-യേശുനാമം



അനേകം ക്രിസ്ത്യാനികൾ മരണനേരത്ത് തുണയും സങ്കേതവും കണ്ടെത്തിയ നാമമാണിത്. അനുഗ്രഹീതയായ 'വി. ജോവാൻ ഓഫ് ആർക്ക്' മരിക്കുമ്പോൾ യേശു എന്ന നാമം ഉരുവിട്ടാണ് മരിച്ചത്. ( CCC . P.85). വി മാർഗ്ഗരറ്റ് മേരി അലക്കോക്ക് മരിക്കുമ്പോൾ യേശു എന്ന നാമം മാത്രമായിരുന്നു അധരത്തിലുണ്ടായിരുന്നത്.

ഉണരുക.......... പങ്കുചേരുക......

''യേശു ശിഷ്യന്മാരോടു പറഞ്ഞു:"...ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ....''

-മത്താ 28:20

യേശു പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങൾക്കും വില കൽപിക്കണം.അവ പഠിക്കണം; പഠിപ്പിക്കണം

ഈ പുസ്തകം വായിച്ച എന്റെ സഹോദരാ/സഹോദരീ അനേകർ ഈ ദൂത് അറിയുവാൻ നീയും കൂടെ അധ്വാനിക്കണം. ഇതിന്റെ ധാരാളം കോപ്പികൾ വാങ്ങി വിതരണം ചെയ്യണം, അനേകരോട് യേശുനാമത്തെപ്പറ്റി പറയണം, അങ്ങനെ നീ ഇന്നുമുതൽ യേശുവിന്റെ സാക്ഷിയാകണം.

https://fliphtml5.com/hcto/pdhx/basic 2/42



# യേശു നാമത്തിന്റെ ശക്തി

“നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
നീ അവന് യേശു എന്ന് പേരിടണം.” (ലൂക്കാ 1:31)

ഫാ. സേവ്യർഖാൻ വട്ടായിൽ



## യേശുനാമം

പിതാവായ ദൈവം നൽകിയ നാമം
എല്ലാ നാമത്തിനും ഉപരിയായ നാമം
പിശാചുക്കൾ ഞെട്ടിവിറക്കുന്ന നാമം
സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്ന നാമം
ദൈവമക്കളാക്കുന്ന നാമം
പാപമോചനം നൽകുന്ന നാമം
രോഗശാന്തി നൽകുന്ന നാമം
രക്ഷക്കുള്ള ഏകനാമം
സകലത്തിന്റെ മേലും അധികാരമുള്ള നാമം
പരിശുദ്ധാത്മാവിനെ നൽകുന്ന നാമം
അനുഗ്രഹം വാഗ്ദാനം ചെയ്യപ്പെട്ട നാമം

Published on : 05.05.2010
I[st] Edition : 25000 Copies

II[nd] Edition : 25000 Copies
III[rd] Edition : 10000 Copies
Cover Design : Ani Sholayoor
Press : Magictech, Palakkad.
Published by : Sehion Leaflet Ministry, Thavalam-678589
Copyright Reserved



# ആമുഖം

**"ദാവീദ് പ്രതിവചിച്ചു; വാളും കുന്തവും ചാട്ടുളിയുമായി നീ എന്നെ നേരിടാൻ വരുന്നു. ഞാനാകട്ടെ നീ നിന്ദിച്ച ഇസ്രായേൽ സേനകളുടെ ദൈവമായ സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിലാണ് വരുന്നത്."**
**1 സാമു 17:45**

അതിശക്തനായ ഗോലിയാത്തെന്ന മല്ലൻ യുദ്ധമുഖത്തുനിന്ന് ഇസ്രായേൽ സേനകളെ പുച്ഛരിക്കുകയും പരിഹസിക്കുകയും നാൽപതു ദിവസം രാവിലെയും വൈകുന്നേരവും അവരെ വെല്ലുവിളിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇസ്രായേൽ രാജാവും സൈന്യനിരകളും ഭയചകിതരായി. ഈ സാഹചര്യത്തിലാണ് കുമാരനായ ദാവീദ് ആത്മാവിന്റെ പ്രേരണയാൽ ഗോലിയാത്തിനെ നേരിടാൻ മുമ്പോട്ടു വന്നത്.

"ഗോലിയാത്ത് ദാവീദിനോടടുത്തു. ആയുധവാഹകൻ മുൻപേ നടന്നു. ദാവീദിനെ കണ്ടപ്പോൾ ഫിലിസ്ത്യന് പുച്ഛം തോന്നി. എന്തെന്നാൽ, അവൻ തുടുത്തു കോമളനായ ഒരു കുമാരൻ മാത്രമായിരുന്നു. ഗോലിയാത്തു ദാവീദിനോടു ചോദിച്ചു: എന്റെ നേരേ വടിയുമായി വരാൻ ഞാനൊരു പട്ടിയോ? അവൻ ദേവൻമാരുടെ പേരു ചൊല്ലി ദാവീദിനെ ശപിച്ചു. അവൻ ദാവീദിനോടു പറഞ്ഞു: വരൂ; ഞാൻ നിന്റെ മാംസം പറവകൾക്കും കാട്ടുമൃഗങ്ങൾക്കും കൊടുക്കും." 1 സാമു 17 :41-44

സാവൂൾ രാജാവും സഹോദരന്മാരും ബാലനായ ആ ആട്ടിടയനെ നിരുത്സാഹപ്പെടുത്തിയിട്ടും ഇസ്രായേൽ സേനകളുടെ ദൈവമായ കർത്താവിന്റെ നാമത്തിന്റെ ശക്തിയിൽ ബോധ്യം ഉള്ള ദാവീദ്, ആറര മുഴം (ഏകദേശം പത്ത് അടി) ഉയരത്തിൽ, അയ്യായിരം ഷെക്കൽ (അൻപത്തി എഴു കിലോ) തൂക്കമുള്ള കവചവും ധരിച്ചു പോർവിളി യുമായി തന്റെ മുന്നിൽ നിൽക്കുന്ന അതികായനായ ഗോലിയാത്തിന്റെ വെല്ലുവിളിയുടെ മുൻപിൽ പതറാതെ ഇങ്ങനെ പറഞ്ഞു:

"കർത്താവ് നിന്നെ ഇന്ന് എന്റെ കൈയിൽ ഏൽപിക്കും. ഞാൻ നിന്നെ വീഴ്ത്തും. നിന്റെ തല വെട്ടിയെടുക്കും. ഫിലിസ്ത്യരുടെ

ശവശരീരങ്ങൾ പറവകൾക്കും കാട്ടുമൃഗങ്ങൾക്കും ഇരയാകും. ഇസ്രായേലിൽ ഒരു ദൈവമുണ്ടെന്ന് ലോകമെല്ലാം അറിയും. കർത്താവ് വാളും കുന്തവും കൊണ്ടല്ല രക്ഷിക്കുന്നതെന്ന് ഈ ജനതതി മനസ്സിലാക്കും. ഈ യുദ്ധം കർത്താവിൻേറതാണ്; അവിടുന്നു നിങ്ങളെ ഞങ്ങളുടെ കൈയിലേൽപിക്കും. ”

1 സാമു 17 :46-47

(1)



ആ വെല്ലുവിളി ഗോലിയാത്തിനെ ദേഷ്യം പിടിപ്പിച്ചു. വാളും കുന്തവുമായി ഗോലിയാത്ത് ദാവീദിനു നേരെ ഓടിയടുത്തു. അപ്പോൾ ആ യുദ്ധം കർത്താവാണ് നയിക്കുന്നതെന്ന് ഉറച്ച വിശ്വാസമുള്ള ദാവീദ് തന്റെ കവണയെടുത്ത് ഒരു കല്ലു വെച്ച് ഗോലിയാത്തിന്റെ നെറ്റിക്ക് ആഞ്ഞ് എറിഞ്ഞു. ഗോലിയാത്ത് മുഖം കുത്തി നിലംപതിച്ചു. ദാവീദ് ഓടിച്ചെന്ന് അവന്റെ മേൽ കയറി നിന്ന് ഗോലിയാത്തിന്റെ വാൾ വലിച്ചൂരി അവന്റെ കഴുത്തു വെട്ടി മുറിച്ചെടുത്തു.

“ദാവീദ് ഓടിച്ചെന്ന് ഗോലിയാത്തിൻേറ മേൽ കയറി നിന്ന് അവൻേറ വാള് ഉറയിൽ നിന്ന് വലിച്ചൂരി. അവനെ കഴുത്തു വെട്ടിമുറിച്ചു കൊന്നു. ഫിലിസ്ത്യർ തങ്ങളുടെ മല്ലൻ വധിക്കപ്പെട്ടെന്നു കണ്ടപ്പോൾ ഓടിക്കളഞ്ഞു.” 1 സാമു 17:51

**ദൈവമായ കർത്താവിന്റെ നാമത്തിൽ ദാവീദ് ആ യുദ്ധത്തിൽ വിജയം വരിച്ചു. ഇന്നു ഞാനും നിങ്ങളും യേശുവിന്റെ നാമത്തിൽ ജയിക്കണമെന്നു സ്വർഗ്ഗം ആഗ്രഹിക്കുന്നു. യേശു എന്ന നാമത്തിൽ ആശ്രയം വെക്കുന്ന ഒരു ദൈവപൈതലിനു ലഭിക്കുന്ന അൽഭുത സംരക്ഷണം നിന്റെ ജീവിതത്തിലും അനുഭവിക്കുക. യേശു എന്ന നാമത്തിന്റെ അൽഭുത ശക്തിയെക്കുറിച്ച് ഈ ചെറുപുസ്തകം പരിചയപ്പെടുത്തുന്നു.**

## പ്രാർത്ഥന

**കർത്താവായ യേശുവേ, ഈ പുസ്തകം വായിക്കുന്നവരേയും ഇതു വിതരണം ചെയ്യുന്നവരേയും അവിടുന്നു സ്പർശിക്കണമേ! ഈ പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ യേശുവിന്റെ നാമത്തിൽ രോഗങ്ങൾ വിട്ടുമാറട്ടെ! പൈശാചിക പീഢകൾ വിട്ടുപോകട്ടെ! അന്ധകാരത്തിന്റെ മൂടുപടം മനസ്സിൽനിന്നും ബുദ്ധിയിൽ നിന്നും ഛിന്നഭിന്നമാകട്ടെ! യേശുനാമത്തിന്റെ അഭിഷേകം ഓരോരുത്തരിലേക്കും നിറയപ്പെടട്ടെ!**




സ്നേഹപൂർവ്വം,

**സേവ്യർഖാൻ വട്ടായിലച്ചൻ**

2



# യേശു നാമത്തിന്റെ ശക്തി

## The Power of the name JESUS

"...എന്തു മാർഗങ്ങളുപയോഗിച്ചു ഞങ്ങൾ ആ മനുഷ്യനെ സുഖപ്പെടുത്തിയെന്നതിനെക്കുറിച്ചാണ്, ഞങ്ങൾ ഇന്നു വിചാരണ ചെയ്യപ്പെടുന്നതെങ്കിൽ, നിങ്ങളും ഇസ്രായേൽജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ കുരിശിൽ തറച്ചു കൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത **നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിലാണ്** ഈ മനുഷ്യൻ സുഖം പ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്." അപ്പ 4:9-10

"...പൗലോസിനെ ഇത് അസഹ്യപ്പെടുത്തി. അവൻ തിരിഞ്ഞ് അവളിലെ ആത്മാവിനോടു പറഞ്ഞു: അവളിൽ നിന്നു

പുറത്തുപോകാൻ **യേശുക്രിസ്തുവിന്റെ നാമത്തിൽ** നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു. തത്ക്ഷണം അതു പുറത്തുപോയി.” അപ്പ 16:18

“പത്രോസ് പറഞ്ഞു: വെള്ളിയോ സ്വർണമോ എൻെറ കൈയിലില്ല. എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. **നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ** എഴുന്നേറ്റു നടക്കുക... ഉടൻതന്നെ അവൻെറ പാദങ്ങളും കണങ്കാലുകളും ബലംപ്രാപിച്ചു. അവൻ ചാടി എഴുന്നേറ്റു നടന്നു...” അപ്പ 3:6-7

(3)

**ശക്തിയുള്ള നാമമാണ് യേശുനാമം. യേശു എന്ന നാമത്തിന്റെ അത്ഭുതശക്തി വെളിപ്പെടുത്തുന്ന അനേകം സംഭവങ്ങൾ ബൈബിളിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇടിമിന്നൽ പോലെ ദൈവശക്തിയെ ഭൂമിയിലേക്ക് വിളിച്ചിറക്കുന്ന നാമമാണ് യേശുനാമം. നമ്മുടെ എല്ലാ ആവശ്യങ്ങളിലും ഈ അത്ഭുത നാമത്തിൽ പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് പിതാവായ ദൈവം ആഗ്രഹിക്കുന്നു.**

# ‘യേശു’
# എന്ന നാമത്തിന്റെ പ്രത്യേകതകൾ

## 1. പിതാവായ ദൈവം നൽകിയ നാമമാണ് – യേശുനാമം



**“നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം”**
**ലൂക്ക 1:31**

സാധാരണയായി ഒരു കുഞ്ഞ് ജനിച്ച് ആണോ പെണ്ണോ എന്നു തിരിച്ചറിഞ്ഞതിനു ശേഷം നാം കുഞ്ഞിന് പേരിടുന്നു. എന്നാൽ

യേശുവിന്റെ കാര്യത്തിൽ എന്താണ് സംഭവിച്ചത്? ഈശോ മാതാവിന്റെ ഉദരത്തിൽ ജന്മമെടുക്കുന്നതിന് മുമ്പ് തന്നെ **"നീ അവന് യേശു എന്നു പേരിടണം"** എന്നു ദൈവം നിർബന്ധം പിടിക്കുകയാണ്.

**യേശു** എന്ന പേര് കണ്ടുപിടിച്ചത് മാതാവോ യൗസേപ്പിതാവോ അവരുടെ ബന്ധുക്കളിലാരെങ്കിലുമോ ആയിരുന്നില്ല; പിന്നെയോ പിതാവായ ദൈവം തന്നെയാണ്. പിതാവായ ദൈവത്തിന്റെ ഹൃദയത്തിൽ എല്ലാ മനുഷ്യർക്കും വേണ്ടി പിതാവ് രൂപപ്പെടുത്തി നൽകിയ നാമമാണ് യേശു എന്ന നാമം.



രാജാക്കൻമാരും ചക്രവർത്തികളും, ഭരണകൂടങ്ങളും പല പ്രസ്ഥാനങ്ങളും ഏകാധിപതികളും സൈനിക ശക്തികളും ഈ നാമത്തെ തുടച്ചുമാറ്റാൻ ഒറ്റക്കെട്ടായി പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ അവരെല്ലാം തകർന്ന് നാമാവശേഷമായി. യേശു എന്ന നാമം ജനകോടികളെ ആവേശം കൊള്ളിച്ച് ഇന്നും ഉയർന്നുനിൽക്കുന്നു.

## 2. എല്ലാ നാമത്തിനും ഉപരിയായ നാമം – യേശുനാമം

> **"ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു"**
> **ഫിലി 2:9**



**യേശു എന്ന നാമത്തിനു മുകളിൽ അധികാരമുള്ള വേറൊരു**

## നാമം സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലും ഇല്ല

എന്തെന്നാൽ പിതാവിന്റെ ഇഷ്ടനാമമായ 'യേശു' എന്ന നാമത്തിന്റെ മുമ്പിൽ ഈ സൃഷ്ടപ്രപഞ്ചത്തിലുള്ള സകലരും മുട്ടുകൾ മടക്കണമെന്ന് ദൈവപിതാവ് ആഗ്രഹിക്കുന്നു.

"പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ! അപ്പോൾ സ്വർഗത്തിൽനിന്ന് ഒരു സ്വരമുായി: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും."

യോഹ. 12:28



## 3. യേശു എന്ന നാമം – പിശാചുക്കൾ ഞെട്ടിവിറക്കുന്ന നാമം

**"എഴുപത്തിരണ്ടുപേരും സന്തോഷത്തോടെ തിരിച്ചുവന്നു പറഞ്ഞു : കർത്താവേ, നിന്റെ നാമത്തിൽ പിശാചുക്കൾ പോലും ഞങ്ങൾക്ക് കീഴ്പ്പെടുന്നു." ലൂക്ക. 10:17**



ഈശോ തന്റെ ശിഷ്യന്മാരെ ഈരണ്ടുപേരായി താൻ പോകാനിരുന്ന എല്ലാ പട്ടണങ്ങളിലേക്കും നാട്ടിൻ പുറങ്ങളിലേക്കും അയച്ചു. അവർ പോയി യേശുപറഞ്ഞതുപോലെ ചെയ്തു. പ്രസംഗിച്ചു, പ്രാർത്ഥിച്ചു, ജനത്തെ ഒരുക്കി. അവരുടെ ശുശ്രൂഷയിൽ എഴുപത്തിരണ്ടുപേരും കണ്ട ഒരു യാഥാർത്ഥ്യം അവർ തിരിച്ചു വന്ന് യേശുവിനോട് പറഞ്ഞു. "നിന്റെ നാമത്തിൽ പിശാചുക്കൾ പോലും ഞങ്ങൾക്ക് കീഴ്പ്പെടുന്നു". അപ്പോൾ യേശു അവരോടു പറഞ്ഞു. പിശാചുക്കൾ നിങ്ങൾക്കു കീഴ്പ്പെടുക മാത്രമല്ല ചെയ്തത്,അവൻ ഇടിമിന്നൽപോലെ, ക്ഷണനേരം കൊണ്ട് അവന്റെ കോട്ടകൊത്തളങ്ങളിൽ നിന്ന് പൊട്ടിവീഴുക തന്നെ ചെയ്തു.

**"അവൻ പറഞ്ഞു: സാത്താൻ സ്വർഗത്തിൽനിന്ന് ഇടിമിന്നൽ പോലെ**

നിപതിക്കുന്നതു ഞാൻ കണ്ടു."
ലൂക്ക. 10:18



ഞാനും നിങ്ങളും യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ, വചനം പ്രസംഗിക്കുമ്പോൾ സാത്താൻ ഇടിമിന്നൽ പോലെ നിലം പതിക്കുന്നു. സാത്താനെ വീഴ്ത്തുന്ന നാമമാണ് യേശുനാമം. അതുകൊണ്ട് യേശുനാമം ഉപയോഗിക്കാതിരിക്കാൻ സാത്താൻ

6 നമ്മുടെ മനസ്സുകളെ വ്യതിചലിപ്പിക്കും.

നിങ്ങളുടെ കുടുംബത്തിൽ നിന്ന്, ഇടവകയിൽ നിന്ന്, കൂട്ടായ്മയിൽ നിന്ന്, സ്ഥാപനത്തിൽ നിന്ന്, ദേശത്തുനിന്ന് സാത്താൻ ഇടിമിന്നൽ പോലെ വീണു തകരാൻ 'യേശു' എന്ന നാമം ശക്തിയായി ഉപയോഗിക്കുക. യേശുവിന്റെ നാമം ഏറ്റുപറയുക. യേശുനാമത്തെ സ്തുതിക്കുന്ന പാട്ടുകൾ പാടി പ്രാർത്ഥിക്കുക.

"യോഹന്നാൻ പറഞ്ഞു: ഗുരോ, നിൻെറ നാമത്തിൽ പിശാചുക്കളെ പുറത്താക്കുന്ന ഒരാളെ ഞങ്ങൾ കണ്ടു. അവൻ ഞങ്ങളോടൊപ്പം നിന്നെ അനുഗമിക്കാത്തതുകൊണ്ട് ഞങ്ങൾ അവനെ തടഞ്ഞു. യേശു പറഞ്ഞു: അവനെ തടയേണ്ടാ, എന്തെന്നാൽ, നിങ്ങൾക്ക് എതിരല്ലാത്തവൻ നിങ്ങളുടെ ഭാഗത്താണ്." ലൂക്ക 9:49-50

മാമ്മോദീസ മുങ്ങാത്ത ഒരാളാണെങ്കിൽ പോലും യേശുക്രിസ്തുവിനെ ഹൃദയം കൊണ്ട് കർത്താവും നാഥനുമായി അംഗീകരിച്ച് ആരാധിച്ചാൽ, യേശുവിനെ വിശ്വസിച്ചാൽ, ആ വ്യക്തി ആജ്ഞാപിച്ചാലും യേശുനാമത്തിൽ പിശാച് പാലായനം ചെയ്യും. അതിനാൽ സദാ യേശുനാമം ഉപയോഗിക്കുക.

"...പൗലോസിനെ ഇത് അസഹ്യപ്പെടുത്തി. അവൻ തിരിഞ്ഞ് അവളിലെ ആത്മാവിനോടു പറഞ്ഞു: അവളിൽ നിന്നു പുറത്തുപോകാൻ യേശുക്രിസ്തുവിൻെറ നാമത്തിൽ നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു." അപ്പ 16:18

ഇവിടെയെല്ലാം കാണുന്ന പ്രത്യേകത, യേശുവിന്റെ നാമത്തിൽ കൽപിച്ചാൽ തൽക്ഷണം സാത്താൻ വിട്ടുപോകുന്നു. ക്ഷണനേരത്തേക്കുപോലും പിന്നീട് അവന് പിടിച്ചുനിൽക്കാൻ സാധിക്കുന്നില്ല.

"അവർ കഫർണാമിൽ എത്തി. സാബത്തുദിവസം അവൻ സിനഗോഗിൽ പ്രവേശിച്ചു പഠിപ്പിച്ചു. അവൻെറ പ്രബോധനത്തിൽ

അവർ വിസ്മയഭരിതരായി. കാരണം, നിയമജ്ഞരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്. അശുദ്ധാത്മാവു ബാധിച്ച ഒരുവൻ അവിടെ ഉണ്ടായിരുന്നു.അവൻ അലറി: നസറായനായ യേശുവേ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്? നീ ആരാണെന്ന് എനിക്കറിയാം – ദൈവത്തിൻെറ പരിശുദ്ധൻ. യേശു അവനെ ശാസിച്ചു: നിശ്ശബ്ദനായിരിക്കുക; അവനെ വിട്ടു നീ പുറത്തുവരുക. അശുദ്ധാത്മാവ് അവനെ തള്ളിവീഴ്ത്തിയിട്ട് ഉച്ചസ്വരത്തിൽ അലറിക്കൊണ്ടു പുറത്തുവന്നു. എല്ലാവരും അത്ഭുതപ്പെട്ടു പരസ്പരം പറഞ്ഞു. ഇതെന്ത്? അധികാരത്തോടെയുള്ള പുതിയ പ്രബോധനമോ? അശുദ്ധാത്മാക്കളോടുപോലും അവൻ ആജ്ഞാപിക്കുന്നു; അവ അനുസരിക്കുകയും ചെയ്യുന്നു." മർക്കോസ് 1:21-27



യേശുവിന്റെ സാന്നിദ്ധ്യത്തിൽ പിശാച് ഞെട്ടിവിറയ്ക്കുകയാണ്. അതേപോലെതന്നെ യേശുനാമം ഉപയോഗിക്കുമ്പോഴെല്ലാം പിശാച് ഞെട്ടിവിറയ്ക്കുന്നു.

"ചിതറിക്കപ്പെട്ടവർ, വചനം പ്രസംഗിച്ചുകൊണ്ടു ചുറ്റിസഞ്ചരിച്ചു. പീലിപ്പോസ് സമരിയായിലെ ഒരു നഗരത്തിൽ ചെന്ന് അവിടെയുള്ളവരോടു ക്രിസ്തുവിനെപ്പറ്റി പ്രഘോഷിച്ചു. പീലിപ്പോസിൻെറ വാക്കുകൾ കേൾക്കുകയും അവൻ പ്രവർത്തിച്ച അടയാളങ്ങൾ കാണുകയും ചെയ്ത ജനക്കൂട്ടം അവൻ പറഞ്ഞകാര്യങ്ങൾ ഏകമനസ്സോടെ ശ്രദ്ധിച്ചു. എന്തെന്നാൽ, അശുദ്ധാത്മാക്കൾ തങ്ങൾ ആവേശിച്ചിരുന്നവരെ വിട്ട് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു പുറത്തുപോയി. അനേകം തളർവാതരോഗികളും മുടന്തൻമാരും സുഖം പ്രാപിച്ചു." അപ്പ 8:4-8

**ഭയം കൂടാതെ യേശുനാമം ഉപയോഗിക്കുക. യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നിടത്തുനിന്ന് പിശാചുക്കൾ ഭയപ്പെട്ട് ഓടിപോകുന്നു.**

## 4. സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്ന നാമം – യേശുനാമം

"...നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും." യോഹ 15:16





**സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്ന നാമമാണ് യേശു എന്ന നാമം.**

നാം പ്രാർത്ഥിക്കുമ്പോൾ യേശുനാമത്തിൽ പ്രാർത്ഥിക്കണം. പിതാവിന്റെ സന്നിധിയിലേക്ക് നമുക്കു നേരിട്ട് പ്രവേശനം നൽകുന്ന നാമമാണ് യേശുനാമം. മാതാവിന്റെയോ, വിശുദ്ധന്മാരുടെയോ, മറ്റാരുടേയും നാമത്തിലല്ല, യേശുവിന്റെ നാമത്തിലാണ് നാം ദൈവത്തോട് പ്രാർത്ഥിക്കേണ്ടത്.

"...സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും." യോഹ 16:23



"നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും." യോഹ 14:13

"എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും." യോഹ 14:14

യേശുവിനോട് പ്രാർത്ഥിക്കുമ്പോഴും യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കാൻ ഈ വചനങ്ങളിലൂടെ യേശു നമ്മെ പഠിപ്പിക്കുന്നു. ഈ നാമത്തെകുറിച്ച് കൂടുതലായി പഠിപ്പിക്കുന്നത് യേശു തന്നെയാണ്. അതിനാൽ നാം പ്രാർത്ഥിക്കുമ്പോൾ യേശുനാമത്തിൽ പ്രാർത്ഥിക്കണം. ഉദാഹരണത്തിന് ഒരു ക്യാൻസർ രോഗിക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ **'യേശുവിന്റെ നാമത്തിൽ ക്യാൻസർ വിട്ടുപോകട്ടെ'** എന്ന് പറഞ്ഞ് പ്രാർത്ഥിക്കണം. ദുഃഖഭാരം നിറഞ്ഞ ഒരു വ്യക്തി പ്രാർത്ഥിക്കുമ്പോൾ **'യേശുവിന്റെ നാമത്തിൽ ദുഃഖം വിട്ടുപോകട്ടെ'** എന്ന് പറഞ്ഞ് പ്രാർത്ഥിക്കണം.

## 5. ദൈവമക്കളാക്കുന്ന നാമം – യേശുനാമം

**"തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി."**
യോഹ 1:12







പാപത്തിൽ ജീവിക്കുന്ന ഒരു വ്യക്തി തന്റെ ജീവിതകാലത്ത് കർത്താവായ യേശുവിനെക്കുറിച്ച് കേട്ട്, യേശുവിന്റെ കുരിശുമരണത്തെക്കുറിച്ച് അറിഞ്ഞ്, യേശു എന്റെ പാപങ്ങൾ കൂടി അവിടുത്തെ ശരീരത്തിൽ എറ്റെടുത്തുവെന്നും യേശുവിന്റെ കുരിശുമരണത്താൽ എന്റെ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെട്ടുവെന്നും വിശ്വസിച്ച്, അനുതപിച്ച് പാപങ്ങൾ എറ്റുപറഞ്ഞ്, അവ ഉപേക്ഷിച്ച് യേശുവിനെ സ്വന്തം ജീവിതത്തിന്റെ കർത്താവായി ഒരു വ്യക്തി സ്വീകരിച്ചാൽ



അദ്ദേഹം ഒരു ദൈവപൈതലിന്റെ സ്ഥാനത്തേക്ക് ഉയരുകയാണ്. ഇതു വായിക്കുന്ന എന്റെ സഹോദരാ, സഹോദരീ നീ നിന്റെ ജീവിതത്തിൽ സത്യത്തിൽ യേശുവിനെ സ്വീകരിച്ചിട്ടുണ്ടോ? അതോ ജഡപ്രകാരം ജീവിക്കുന്ന വ്യക്തിയാണോ നീ? ജഡിക സ്വഭാവമനുസരിച്ച് ജീവിക്കുന്നവൻ ആത്മീയനല്ല. അവൻ ദൈവത്തോട് ശത്രുതയിൽ കഴിയുന്നു.

**"ജഡികതാത്പര്യങ്ങളിൽ മുഴുകിയിരിക്കുന്ന മനസ് ദൈവത്തിൻെറ ശത്രുവാണ്. അതു ദൈവത്തിൻെറ നിയമത്തിനു കീഴ്പ്പെടുന്നില്ല; കീഴ്പ്പെടാൻ അതിനു സാധിക്കുകയുമില്ല. ജഡിക പ്രവണതകളനുസരിച്ചു ജീവിക്കുന്നവർക്കു ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല."** റോമ 8:7-8

**എന്നാൽ ഒരു വ്യക്തി പരിശുദ്ധാത്മാവിന്റെ സഹായത്താൽ യേശുവിനെ കുറിച്ച് കേട്ട്, വിശ്വസിച്ച് യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചാൽ, വചനം പഠിപ്പിക്കുന്നു: അവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു.**

"പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവൻ ഇല്ല." 1 യോഹ 5:12

യേശുതന്നെ തന്റെ പരസ്യജീവിതകാലത്ത് ഇക്കാര്യത്തെക്കുറിച്ച് പഠിപ്പിച്ചിട്ടുണ്ട്.

"ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച

യേശുക്രിസ്തുവിനെയും അറിയുക എന്നതാണ നിത്യജീവൻ.''
യോഹ 17:3

"പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവൻെറ മേൽ ഉണ്ട്." യോഹ 3:36

യേശുവിനെ വിശ്വസിക്കുക. യേശുവിനെ ഏറ്റുപറയുക. നിന്റെ ആത്മാവിന്റെ നിത്യത ഭദ്രമാക്കുക.



"അവർ ജനിച്ചതു രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷൻെറ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ." യോഹ 1:13

**ചിന്തിച്ചുനോക്കുക. നാം വീണ്ടും ജനിച്ചത് യേശുവിന്റെ നാമത്തിന്റെ യോഗ്യതകൊണ്ടാണ്. യേശുവിന്റെ നാമത്തിൽ നിന്നു പുറപ്പെട്ടു വന്നവരാണ് നാം.**

10

"യേശുക്രിസ്തുവിലുള്ള നിങ്ങളുടെ ജീവിതത്തിൻെറ ഉറവിടം അവിടുന്നാണ്. ദൈവം അവനെ നമുക്കു ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്നു.'' 1കൊറി 1:30

യേശുവിന്റെ നാമത്തിൽ നിന്നുൽഭവിച്ചതാണ് ദൈവപൈതൽ എന്ന നമ്മുടെ അസ്തിത്വം. യേശുവിന്റെ നാമം വഹിക്കുവാനുള്ള നിയോഗവും നമുക്കുണ്ട്.

"കർത്താവിൻെറ നാമം നീ വഹിക്കുന്നതു കാണുമ്പോൾ ലോകത്തിലുള്ള സകല മനുഷ്യരും നിന്നെ ഭയപ്പെടും." നിയ 28:10

## 6. പാപമോചനം നൽകുന്ന നാമം - യേശുനാമം

"അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും" മത്താ. 1:21

ദൈവദൂതൻ തന്റെ സ്വന്ത അഭിപ്രായമല്ല ഇവിടെ വെളിപ്പെടുത്തുന്നത്. പിതാവായ ദൈവം യേശുവിനെക്കുറിച്ച് പറയാൻ ഏല്പിച്ച ദൂതാണ് **"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും"** എന്നുള്ളത്. പിതാവിന്റെ ഈ സന്ദേശമാണ് ദൂതൻ യൗസേപ്പിതാവിനോട് പ്രഖ്യാപിക്കുന്നത്.

**യേശു പാപമോചകനാണ്. നീ ഇന്നു പാപത്തിൽ മരിച്ചുകൊണ്ടിരിക്കുകയാണോ? യേശുവേ... എന്ന് വിളിച്ച് കരയുക. ദൈവം നിനക്ക് രക്ഷയിലേക്കുള്ള അനുതാപം തരും.**




യേശുവിന്റെ നാമത്തിൽ നമുക്ക് പാപമോചനമുണ്ട്. ഒരു വ്യക്തി തന്റെ ജീവിതത്തിൽ യേശുവിനെ തന്റെ രക്ഷകനായി അംഗീകരിച്ച് കർത്താവായി ആരാധിച്ച് തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞാൽ യേശുവിന്റെ നാമത്തിൽ അവന് പാപക്ഷമയുണ്ട്.





"നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും. എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും". 1 യോഹ 1:8-9

"എൻെറ കുഞ്ഞുമക്കളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിനാണ് ഞാൻ ഇവ നിങ്ങൾക്കെഴുതുന്നത്. എന്നാൽ, ആരെങ്കിലും പാപം ചെയ്യാനിടയായാൽത്തന്നെ പിതാവിൻെറ സന്നിധിയിൽ നമുക്ക് ഒരു മധ്യസ്ഥനുണ്ട്. നീതിമാനായ യേശുക്രിസ്തു. അവൻ നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയാണ്; നമ്മുടെ മാത്രമല്ല ലോകം മുഴുവൻെറയും പാപങ്ങൾക്ക്."

1 യോഹ 2:1-2

12

"കുഞ്ഞുമക്കളേ, ഞാൻ നിങ്ങൾക്ക് എഴുതുന്നു: അവൻെറ നാമത്തെപ്രതി നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു."

1 യോഹ 2:12



"ഇനി നീ എന്തിനു കാത്തിരിക്കുന്നു? എഴുന്നേറ്റ് സ്നാനം സ്വീകരിക്കുക. അവൻെറ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് നിൻെറ പാപങ്ങൾ കഴുകിക്കളയുക."

അപ്പ 22:16

## 7. രോഗശാന്തി നൽകുന്ന നാമം – യേശുനാമം




13

പത്രോസും യോഹന്നാനും പ്രാർത്ഥിക്കുവാനായി ദേവാലയത്തിലേക്ക് പോകുമ്പോൾ സുന്ദരകവാടത്തിൽ വെച്ച് ജന്മനാ മുടന്തനായ ഒരുവൻ ഭിക്ഷയാചിച്ചു. പത്രോസ് അവനെ സൂക്ഷിച്ചുനോക്കി. ഉടനെ പത്രോസിന്റെ ഹൃദയത്തിൽ യേശുവിന്റെ നാമത്തിലുള്ള വിശ്വാസംഉണർന്നു...

പത്രോസ് ധൈര്യപൂർവ്വം പറഞ്ഞു: **നസ്രായനായ യേശുവിന്റെ നാമത്തിൽ** എഴുന്നേറ്റ് നടക്കുക



“അവൻെറ നാമത്തിലുള്ള വിശ്വാസംമൂലം, അവൻെറ നാമമാണ് നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഈ മനുഷ്യനെ സുഖപ്പെടുത്തിയത്. അവനിലുള്ള വിശ്വാസമാണ് നിങ്ങളുടെ മുമ്പിൽവച്ച് ഈ മനുഷ്യനു പൂർണ്ണാരോഗ്യം പ്രദാനം ചെയ്തത്.” അപ്പ 3:16



യേശുവിന്റെ നാമത്തിലുള്ള ബോധ്യവും വിശ്വാസവും വളരണം, യേശുനാമത്തിലുള്ള ബോധ്യവും വിശ്വാസവും നമ്മിൽ വളർച്ചപ്രാപിക്കുന്നതിനനുസരിച്ച് ഈ നാമം നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാറ്റിന്റെ മേലും ഒരധികാരമായി മാറും.

"അപ്പസ്തോലൻമാരെ അവർ തങ്ങളുടെ മധ്യത്തിൽ നിർത്തി ഇങ്ങനെ ചോദിച്ചു: എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്? അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ് അവരോടു പറഞ്ഞു: ഭരണാധികാരികളേ, ജനപ്രമാണികളേ, ഒരു രോഗിക്കു ഞങ്ങൾ ചെയ്ത ഒരു സത്പ്രവൃത്തിയെക്കുറിച്ചാണ്, എന്തു മാർഗങ്ങളുപയോഗിച്ചു ഞങ്ങൾ ആ മനുഷ്യനെ സുഖപ്പെടുത്തിയെന്നതിനെക്കുറിച്ചാണ്, ഞങ്ങൾ ഇന്നു വിചാരണ ചെയ്യപ്പെടുന്നതെങ്കിൽ, നിങ്ങളും ഇസ്രായേൽജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ കുരിശിൽ തറച്ചു കൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഈ മനുഷ്യൻ സുഖം പ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്." അപ്പ 4:7-10





ജന്മനാ മുടന്തനായവൻ സൗഖ്യം പ്രാപിച്ചപ്പോൾ അപ്പസ്തോലന്മാർ വിചാരണ ചെയ്യപ്പെടുകയാണ്. അധികാരികളും ജനപ്രമാണികളും

നിയമജ്ഞരും സമ്മേളിച്ച് അവരോട് ചോദിക്കുകയാണ്: എന്തധികാരത്തിലാണ് നിങ്ങൾ ഇതു ചെയ്യുന്നത്? യേശുവിന്റെ നാമം അതു വിശ്വസിച്ച് സ്വീകരിക്കുന്നവർക്ക് ഒരധികാരമായി മാറും- എല്ലാറ്റിന്റെയും മേലുള്ള അധികാരം.

"പത്രോസ് ചുറ്റിസഞ്ചരിക്കുന്നതിനിടയിൽ ലിദായിലെ വിശുദ്ധരുടെ അടുക്കലെത്തി. അവിടെ ഐനെയാസ് എന്നൊരുവനെ അവൻ കണ്ടുമുട്ടി. അവൻ എട്ടു വർഷമായി തളർവാതം പിടിപെട്ട് രോഗശയ്യയിലായിരുന്നു. പത്രോസ് അവനോടു പറഞ്ഞു: ഐനെയാസേ, യേശുക്രിസ്തു നിന്നെ സുഖപ്പെടുത്തുന്നു. എഴുന്നേറ്റ് നിൻെറ കിടക്ക ചുരുട്ടുക. ഉടൻതന്നെ അവൻ എഴുന്നേറ്റു." അപ്പ 9:32-34

ആദിമസഭാസമൂഹം ഒരുമിച്ചു കൂടിയിരുന്നപ്പോഴെല്ലാം യേശുവിന്റെ നാമത്തിൽ വൻ കാര്യങ്ങൾ സംഭവിക്കുന്നതിനുവേണ്ടി അവർ പ്രാർത്ഥിക്കുമായിരുന്നു.

"അവിടുത്തെ പരിശുദ്ധദാസനായ യേശുവിൻെറ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അദ്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടണമേ. അവിടുത്തെ വചനം പൂർണ ധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ. പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി ദൈവവചനം ധൈര്യപൂർവം പ്രസംഗിച്ചു." അപ്പ 4:30-31



യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തികളും ആദിമസഭയുടെ ഹൃദയത്തിൽ നിറഞ്ഞുനിന്ന അനുഭവമാണ്.



"മാന്ത്രികവിദ്യ നടത്തിക്കൊണ്ടിരുന്ന ശിമയോൻ എന്നൊരുവൻ ആ നഗരത്തിലുണ്ടായിരുന്നു. അവൻ വലിപ്പം ഭാവിച്ച് സമരിയാ ദേശത്തെ വിസ്മയിപ്പിച്ചു. ചെറിയവർ മുതൽ വലിയവർ വരെ എല്ലാവരും അവൻ പറയുന്നത് കേട്ടിരുന്നു. അവർ പറഞ്ഞു: മഹാശക്തി എന്നു വിളിക്കപ്പെടുന്ന ദൈവശക്തി തന്നെയാണ് ഈ മനുഷ്യൻ. ദീർഘകാലമായി മാന്ത്രികവിദ്യകൾ കൊണ്ട് അവരെ വിസ്മയിപ്പിച്ചിരുന്നതിനാലാണ് എല്ലാവരും അവനെ ശ്രദ്ധിച്ചു പോന്നത്.



എന്നാൽ, ദൈവരാജ്യത്തെക്കുറിച്ചും യേശുക്രിസ്തുവിൻെറ നാമത്തെക്കുറിച്ചും പീലിപ്പോസ് പ്രസംഗിച്ചപ്പോൾ സ്ത്രീ പുരുഷഭേദമെന്യേ എല്ലാവരും വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചു. ശിമയോൻപോലും വിശ്വസിച്ചു. അവൻ ജ്ഞാനസ്നാനം സ്വീകരിച്ച് പീലിപ്പോസിൻെറ കൂടെച്ചേർന്നു. സംഭവിച്ചുകൊണ്ടിരുന്ന അടയാളങ്ങളും വലിയ അദ്ഭുത പ്രവൃത്തികളും കണ്ട് അവൻ ആശ്ചര്യഭരിതനായി."

അപ്പ 8:9-13

## 8. രക്ഷയ്ക്കുള്ള ഏക നാമം - യേശുനാമം

"ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല." അപ്പ 4:12

**ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുന്നു. മനുഷ്യരക്ഷയ്ക്കായുള്ള ഏകനാമമാണ് യേശുനാമം; മറ്റാരിലും രക്ഷയില്ല**



"അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശവയ്ക്കും." മത്താ 12:21

"കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷപ്രാപിക്കും." ജോയേൽ 2:32



**നാം വിശ്വാസത്തോടെ വിളിച്ചപേക്ഷിച്ച് രക്ഷ പ്രാപിക്കാൻ സ്വർഗ്ഗം നമുക്കു നൽകിയിട്ടുള്ള രക്ഷാനാമമാണ് യേശുനാമം.**

"....കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിൻെറ കുടുംബവും രക്ഷപ്രാപിക്കും." അപ്പ16:31

"പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവൻെറ മേൽ ഉണ്ട്."

യോഹ 3:36

"ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ." 1പത്രോ 3:15

യേശു എന്ന വ്യക്തിയും യേശു എന്ന നാമവും രണ്ടല്ല; ഒന്നാണ്.
യേശു എന്ന നാമം വിശ്വാസത്തോടെ ഉപയോഗിക്കുന്നിടത്ത്
യേശു എന്ന വ്യക്തിയുടെ സാന്നിദ്ധ്യം ഉണ്ട്. വിശ്വസിക്കുക.
നിന്റെ ജീവിതത്തിൽ അനുഭവിക്കുക

## 9.സകലത്തിന്റെ മേലും അധികാരമുള്ള നാമം-യേശുനാമം

"ഇത്, യേശുവിൻെറ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും, യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിൻെറ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്." ഫിലിപ്പി 2:10-11



യേശു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുന്നതിന് തൊട്ടു മുമ്പ് തന്റെ ശിഷ്യന്മാർക്ക് ഇതിനെപ്പറ്റി വെളിപ്പെടുത്തിക്കൊടുത്തു.

"യേശു നിർദേശിച്ചതുപോലെ പതിനൊന്നു ശിഷ്യൻമാരും ഗലീലിയിലെ മലയിലേക്കു പോയി. അവനെക്കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു. എന്നാൽ, ചിലർ സംശയിച്ചു. യേശു അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു." മത്താ 28:16-18



## യേശുനാമത്തിന്

രോഗത്തിന്റെമേൽ അധികാരമുണ്ട്,
ശാപത്തിന്റെമേൽ അധികാരമുണ്ട്.
മരണത്തിന്റെമേൽ അധികാരമുണ്ട്.
പ്രപഞ്ച ശക്തികളുടെ മേൽ അധികാരമുണ്ട്,
അന്ധകാരശക്തികളുടെ മേൽ അധികാരമുണ്ട്.
മനുഷ്യരുടെ മേലും ജനസമൂഹങ്ങളുടെമേലും അധികാരമുണ്ട്.

ഈ പ്രപഞ്ചത്തിലെ സകല സൃഷ്ടവസ്തുക്കളുടെ മേലും യേശുനാമത്തിന് അധികാരമുണ്ട്. ജീവിച്ചിക്കുന്നവരുടെ മേലും മരിച്ചവരുടെ മേലും യേശുവിന് അധികാരമുണ്ട്.





"ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും വിധികർത്താവായി ദൈവം നിയോഗിച്ചിരിക്കുന്നവൻ അവനാണ് എന്ന് ജനങ്ങളോടു പ്രസംഗിക്കാനും സാക്ഷ്യം വഹിക്കാനും ഞങ്ങൾക്കു കൽപന നൽകി." അപ്പ 10:42





## 10.പരിശുദ്ധാത്മാവിനെ നൽകുന്ന നാമം-യേശുനാമം

"........എൻെറ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും." യോഹ 14:26





ശിരസ്സിൽ കൈകൾ വെക്കുമ്പോൾ മാത്രമല്ല; യേശുവിന്റെ നാമത്തെക്കുറിച്ച് കേട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ; യേശുനാമം പ്രഘോഷിക്കപ്പെട്ടു കൊണ്ടിരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവ് വ്യക്തികളുടെ മേൽ വന്നു നിറയുന്നു.

"പത്രോസ് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ, കേട്ടുകൊണ്ടിരുന്ന എല്ലാവരുടെയുംമേൽ പരിശുദ്ധാത്മാവ് വന്നു. വിജാതീയരുടെമേൽപോലും പരിശുദ്ധാത്മാവിൻെറ ദാനം വർഷിക്കപ്പെട്ടതിനാൽ, പത്രോസിനോടുകൂടെ വന്നിരുന്ന പരിച്ഛേദിതരായ വിശ്വാസികൾ വിസ്മയിച്ചു. അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ സ്തുതിക്കുന്നതും അവർ കേട്ടു ......" അപ്പ 10:44-46

## 11.അനുഗ്രഹം വാഗ്ദാനം ചെയ്യപ്പെട്ട നാമം-യേശുനാമം

“നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് അവൻെറ നാമത്തിൽ ചെയ്യുവിൻ.”

കൊളോ 3:17





നാം ഒരു പ്രവൃത്തി ചെയ്യുമ്പോൾ അത് അനുഗ്രഹപ്രദമായി മാറണമെങ്കിൽ അത് യേശുനാമത്തിൽ ചെയ്യണം.



"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ക്രിസ്തുവിനുള്ളവരാകയാൽ അവന്റെ നാമത്തിൽ ആരെങ്കിലും നിങ്ങൾക്ക് ഒരു പാത്രം വെള്ളം കുടിക്കാൻ തന്നാൽ അവനു പ്രതിഫലം ലഭിക്കാതിരിക്കുകയില്ല."
മർക്കോസ് 9:41

നാം ആർക്കെങ്കിലും കുടിക്കാൻ ഒരു ഗ്ലാസ് വെള്ളം കൊടുത്താൽ പോലും യേശുനാമത്തിൽ കൊടുക്കണം.നാം ഒരാളെ സ്വീകരിക്കുമ്പോൾ യേശുനാമത്തിൽ സ്വീകരിക്കണം. ഇത് യേശു നമ്മോടു കൽപിച്ചിരിക്കുന്ന കാര്യമാണ്.

"ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെയല്ല, എന്നെ അയച്ചവനെയാണ് സ്വീകരിക്കുന്നത്." മർക്കോസ് 9:37

നമുക്കിഷ്ടമുള്ള വസ്തുക്കൾ കൊണ്ടു പണിയാം. ചിലർ വെള്ളി കൊണ്ടു പണിയുന്നു, ചിലർ സ്വർണം കൊണ്ടു പണിയുന്നു, മറ്റുചിലർ പുല്ലുകൊണ്ടും വൈക്കോലുകൊണ്ടും പണിയുന്നു. അഗ്നിശോധനയെ നേരിടുമ്പോൾ പുല്ലുകൊണ്ടും വൈക്കോലുകൊണ്ടും പണിതത് കത്തി ചാമ്പലാകും. അവർ നഷ്ടം സഹിക്കേണ്ടിവരും. എന്നാൽ വെള്ളികൊണ്ടും സ്വർണ്ണംകൊണ്ടും പണിതത് കൂടുതൽ ശോഭയോടെ തിളങ്ങും.

യേശുനാമത്തിൽ ചെയ്ത പ്രവൃത്തികൾ വെള്ളികൊണ്ടും സ്വർണ്ണംകൊണ്ടും പണിതതിനു തുല്യമാണ്. മറ്റുപ്രവൃത്തികൾ പുല്ലുകൊണ്ടും വൈക്കോലുകൊണ്ടും പണിതതിനു തുല്യം. അതിനാലാണ് ശ്ലീഹാ പഠിപ്പിക്കുന്നത്, **നിങ്ങൾ ഒരു വാക്കു പറഞ്ഞാൽ അത് യേശുനാമത്തിൽ പറയണം, ഒരു പ്രവൃത്തി ചെയ്താൽ അത് യേശുനാമത്തിൽ ചെയ്യണം.**



"...രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും."
മത്താ 18:20

"നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ." കൊളോ 3:17

നമ്മുടെ പ്രാർത്ഥനകളും പ്രവൃത്തികളുമെല്ലാം യേശുനാമത്തിൽ

ചെയ്യണം. തിരുസ്സഭ പ്രാർത്ഥനകൾ അർപ്പിക്കുമ്പോൾ യേശുവിന്റെ നാമത്തിലാണ് അർപ്പിക്കുന്നത്.

The name of JESUS is at the heart of all Christian prayers. All liturgical prayers conclude with the words: "Through Christ Our Lord! Amen!"

## 12. ആവശ്യനേരങ്ങളിൽ വിളിക്കാവുന്ന ഏക നാമം-യേശുനാമം

സഭയിലെ ഒരു വലിയ വിശുദ്ധനാണ് വി.ലോറൻസ് ജസ്റ്റീനിയൻ. യേശുനാമത്തെക്കുറിച്ച് ഉള്ള വിശുദ്ധന്റെ അഭിപ്രായം ശ്രദ്ധിക്കുക.

**"നിങ്ങൾ രോഗബാധിതരും സന്താപക്ഷതരും, ഭയചകിതരും, പൈശാചിക പ്രലോഭന വിധേയരും, മാനവാക്രമണ വിവശരും ആണെങ്കിൽ ഈശോയുടെ തിരുനാമം വിളിക്കുക.''**
**- വി. ലോറൻസ് ജസ്റ്റീനിയൻ.**

ആവശ്യ നേരങ്ങളിൽ വിളിക്കാവുന്ന ഉറപ്പുള്ള സങ്കേതമാണ് യേശുനാമം. നാം ഈ അനുഗ്രഹനാമം വിളിക്കണമെന്നും 'യേശു' എന്ന നാമത്തിന്റെ സംരക്ഷണവും അനുഗ്രഹവും പ്രാപിക്കണമെന്നും പിതാവായ ദൈവം ആഗ്രഹിക്കുന്നു.



21

"....... ഒരുവൻ തന്നെയാണ് എല്ലാവരുടെയും കർത്താവ്. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്നു തൻെറ സമ്പത്തു വർഷിക്കുന്നു. എന്തെന്നാൽ, കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും."

റോമ 10:12-13

പ്രവാചക ഗ്രന്ഥങ്ങളിലും സങ്കീർത്തനങ്ങളിലും ദൈവം ഇത് വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ട്.





"ഹൃദയംനൊന്ത് എന്നെ
വിളിച്ചപേക്ഷിക്കുന്നതിനു
പകരം അവർ കിടക്കയിൽ
വീണുവിലപിക്കുന്നു......"
ഹോസിയ 7:14

"ജനതകൾ എന്നെ വലയം ചെയ്തു; കർത്താവിൻെറ നാമത്തിൽ ഞാനവരെ നശിപ്പിച്ചു. അവരെന്നെ വലയംചെയ്തു; എല്ലാവശത്തുംനിന്ന് അവരെന്നെ വളഞ്ഞു; കർത്താവിൻെറ നാമത്തിൽ ഞാനവരെ വിച്ഛേദിച്ചു. തേനീച്ചപോലെ അവരെന്നെ പൊതിഞ്ഞു; മുൾപ്പടർപ്പിനു പിടിച്ച തീപോലെ അവർ ആളിക്കത്തി; കർത്താവിൻെറ നാമത്തിൽ ഞാനവരെ വിച്ഛേദിച്ചു."

സങ്കീ 118:10-12





## 13. മരണനേരത്ത് ഉരുവിടാവുന്ന അനുഗ്രഹ നാമം-യേശുനാമം



അനേകം ക്രിസ്ത്യാനികൾ
മരണനേരത്ത് തുണയും

സങ്കേതവും കണ്ടെത്തിയ നാമമാണിത്. അനുഗ്രഹീതയായ 'വി. ജോവാൻ ഓഫ് ആർക്ക്' മരിക്കുമ്പോൾ യേശു എന്ന നാമം ഉരുവിട്ടാണ് മരിച്ചത്. ( CCC . P.85). വി മാർഗ്ഗരറ്റ് മേരി അലക്കോക്ക് മരിക്കുമ്പോൾ യേശു എന്ന നാമം മാത്രമായിരുന്നു അധരത്തിലുണ്ടായിരുന്നത്.



**ഉണരുക.......... പങ്കുചേരുക......**

''യേശു ശിഷ്യന്മാരോടു പറഞ്ഞു:"...ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ....''

-മത്താ 28:20

## യേശു പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങൾക്കും വില കൽപിക്കണം.അവ പഠിക്കണം; പഠിപ്പിക്കണം

**ഈ പുസ്തകം വായിച്ച എന്റെ സഹോദരാ/സഹോദരീ അനേകർ ഈ ദൂത് അറിയുവാൻ നീയും കൂടെ അധ്വാനിക്കണം. ഇതിന്റെ ധാരാളം കോപ്പികൾ വാങ്ങി വിതരണം ചെയ്യണം, അനേകരോട് യേശുനാമത്തെപ്പറ്റി പറയണം, അങ്ങനെ നീ ഇന്നുമുതൽ യേശുവിന്റെ സാക്ഷിയാകണം.**







# പ്രാർത്ഥന

കർത്താവായ യേശുവേ,
ഞാനിതാ രക്ഷയ്ക്കുവേണ്ടി നിലവിളിക്കുന്നു!
വേഗം വരണമേ! അഗാധത്തിലേക്ക് മുങ്ങിത്താഴുന്ന
എന്നെയും എന്റെ കുടുംബത്തെയും,
യേശുവേ കൈപിടിച്ചുയർത്തി
രക്ഷയുടെ പാറയിൽ ഉറപ്പിച്ചുനിർത്തണമേ.
പാപത്തിൽനിന്നും കടബാധ്യതയിൽനിന്നും
കുടുംബത്തകർച്ചയിൽനിന്നും ഭക്തിരാഹിത്യത്തിൽനിന്നും
അവിശ്വാസത്തിൽനിന്നും സാത്താന്യപീഢകളിൽനിന്നും
എന്നെ രക്ഷിക്കണമേ!
യേശുവേ.....യേശുവേ.....യേശുവേ.....
(കുറച്ചുനേരം കൈകളുയർത്തി സ്തുതിക്കുന്നു.)



*Song no -1*

ശ്രീയേശു നാമം അതിശയ നാമം

ഏഴയെനിക്കായി നാമം

എല്ലാ നാമത്തിലും മേലായ നാമം
ഭക്തജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങും തൻ തിരുമുമ്പിൽ
വല്ലഭത്വമുള്ള നാമം

എണ്ണമില്ലാ പാപം എന്നിൽ നിന്നും നീക്കാൻ
എന്നിൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മായ്ച്ചുതന്ന
ഉന്നതന്റെ വന്ദ്യനാമം

പാപ പരിഹാരാർത്ഥം പാതകരെത്തേടി
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൻ മാതൃകയെ കാട്ടിത്തന്ന
പാവനമാം പുണ്യനാമം

## Song no -2

അത്യുന്നതങ്ങളിൽ നിന്നിങ്ങുവന്ന
കർത്താവാം യേശുവിൻ നാമം
രക്ഷ ദാഹിക്കും മാനവർക്കെന്നും
ആശ്രയമാമേക നാമം

ഏകനാമം അത് യേശുനാമം
യേശുനാമം അതിശക്തനാമം
എന്നുമേതു മുഴങ്കാലും
താണു മടങ്ങുന്ന നാമം

ദൈവസമാനത കൈവെടിഞ്ഞു
ദാസനെപ്പോലെയിറങ്ങി വന്നു
നിന്ദിതനായന്നു ക്രൂശിൽ മരിച്ചു
കർത്താവായ് വീണ്ടുമുയർത്തുവന്നു
ഏക കർത്താവായ് വീണ്ടുമുയർത്തുവന്നു.

കർത്താവാം യേശുവിൽ വിശ്വസിക്കൂ
നീയും കുടുംബവും രക്ഷനേടും
യേശുനാമത്തിന്റെ ശക്തിയാലെന്നും
രോഗവും ഭാരവും നീങ്ങിടുന്നു.
ഏതു രോഗവും ഭാരവും നീങ്ങിടുന്നു.





## Song no -3

ആകാശത്തിൻ കീഴിൽ വേറൊരു നാമമില്ലല്ലോ
യേശുനാമമല്ലാതെ യേശുനാമമല്ലാതെ.........
മാനവ രക്ഷക്കൂഴിയിൽ വേറൊരു നാമമില്ലല്ലോ
യേശുനാമമല്ലാതെ യേശുനാമമല്ലാതെ
പറുദീസായിൽ ദൈവം തന്നൊരു രക്ഷാവാഗ്ദാനം
യേശുനാഥനല്ലയോ
പ്രവാചകന്മാർ മുന്നേ ചൊന്നൊരു രക്ഷാവാഗ്ദാനം
യേശുനാഥനല്ലയോ
ദൈവം മാനവ രക്ഷയ്ക്കായ് തന്നൊരുനാമമേ
യേശുവെന്നൊരു നാമമേ
മൂലോകങ്ങൾ മുട്ടുമടക്കും ഉന്നതനാമമേ
യേശുവെന്നൊരു നാമമേ
മറ്റൊരുവനിലും രക്ഷയില്ലാ യേശുവിലല്ലാതെ
ഏകരക്ഷകനവനല്ലോ
യേശുവിലുള്ളൊരു വിശ്വാസത്താൽ രക്ഷവരിച്ചീടാം
നിത്യ രക്ഷവരിച്ചീടാം
വഴിയും സത്യവും ജീവനുമേശുമാത്രമല്ലയോ
പരനേക മദ്ധ്യസ്ഥൻ
താതൻ അരികിൽ  ചെല്ലാനുള്ള വഴിയല്ലോ യേശു
ഏകവഴിയല്ലോ യേശു

## Song no -4

യേശുവിൻ നാമത്തിൽ വിജയം എല്ലാ
മാനവർക്കും വിജയം
യേശുവിൽ നാമത്തിൽ മറയും
സർവ്വ തിന്മകളും മറയും
യേശുവിൻ നാമത്തിൽ തകരും
യേശുവിൽ നാമത്തിൽ നീങ്ങും
സർവ്വ ബന്ധനവും നീങ്ങും
രോഗങ്ങളിൽ സൗഖ്യമരുളും
പാപങ്ങളിൽ മുക്തി നൽകും
പീഢിതർക്കാശ്വാസമേകും
യേശുവിൻ രക്ഷനാമം
ആകാശത്തിൻ കീഴിൽ മാനവരക്ഷയ്ക്കായ്
താതനുയർത്തിയ നാമം യേശുവിൻ നാമം









# സെഹിയോൻ ധ്യാനകേന്ദ്രത്തിനു വേണ്ടിയുള്ള പ്രാർത്ഥന

ദൈവമേ! അങ്ങയുടെ അരൂപി രൂപം നൽകി വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന സെഹിയോൻ ധ്യാനകേന്ദ്രത്തെ ഓർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയെ അറിയാത്ത അനേകം മക്കളിലേക്ക് അവിടുത്തെ രാജ്യം വ്യാപിപ്പിക്കുന്നതിനായി സെഹിയോനെ അങ്ങ് അനുഗ്രഹിച്ചുയർത്തണമെ. ഇതിനായി പ്രവർത്തിക്കുന്നവരേയും പരിശുദ്ധാത്മാവിനാൽ നിറക്കേണമേ. സെഹിയോനിലെ ശുശ്രൂഷകളെ അനുഗ്രഹിക്കണമേ. അവിടുത്തെ പുത്രനായ യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ അടയാളങ്ങളും അത്ഭുതങ്ങളും രോഗശാന്തികളും സെഹിയോനിൽ സംഭവിക്കട്ടെ. അവിടുത്തെ ആത്മാവിന്റെ കൊടുങ്കാറ്റയച്ച് സകലരേയും തട്ടിയുണർത്തണമെ. സെഹിയോനിലേക്ക് ധാരാളം ശുശ്രൂഷകരെ അയക്കേണമേ. പരിശുദ്ധ അമ്മേ, സകല വിശുദ്ധരേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ. ആമ്മേൻ

1സ്വർഗ്ഗ. 1 നന്മ 1 ത്രിത്വ.

(എല്ലാ ദിവസവും സെഹിയോൻ ധ്യാനകേന്ദ്രത്തിനു വേണ്ടി പ്രാർത്ഥിക്കുക)

താങ്കളുടെ ഭവനത്തിലിരുന്നുകൊണ്ടുതന്നെ വചനത്തിന്റെ വിത്തു വിതയ്ക്കാൻ താങ്കൾക്ക് കഴിയും. ഈ ചെറിയ പുസ്തകം താങ്കൾക്ക് ആത്മീയ അനുഗ്രഹത്തിന് കാരണമാകുന്നുവെങ്കിൽ ഇതിന്റെ കൂടുതൽ കോപ്പികൾ അനേകർക്ക് എത്തിച്ചുകൊടുക്കുക. കർത്താവിന്റെ വേലയിൽ പങ്കുചേരുക.

**2 തിമോ. 1:8 "നമ്മുടെ കർത്താവിന് സാക്ഷ്യം നൽകുന്നതിൽ നീ ലജ്ജിക്കരുത്.... ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവന്റെ സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ നീയും പങ്കുചേരുക."**

മാധ്യമങ്ങളിലൂടെ സെഹിയോൻ ധ്യാനകേന്ദ്രം നടത്തുന്ന ആത്മീയ അധ്വാനങ്ങളിൽ പങ്കാളിയാകുവാൻ ആഗ്രഹിക്കുന്നുവോ? എങ്കിൽ സംഭാവനകളയേക്കണ്ട വിലാസം :

**ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം, താവളം പി.ഒ., അട്ടപ്പാടി, പാലക്കാട് ജില്ല, കേരളം - 678 589**

**A/c. No. 107, South Indian Bank Ltd., Goolikkadavu**

# യേശുവിനെക്കുറിച്ച് മഹത് വ്യക്തികൾ

"വിശുദ്ധനായവൻ സ്വർഗ്ഗത്തിൽ നിന്നും വരണം. അവൻ എല്ലാം അറിയും. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും മേൽ അവന് അധികാരമുണ്ടായിരിക്കും." -കൺഫ്യൂഷ്യസ്

*(സന്മാർഗ്ഗം എന്ന കൃതിയിൽ വരാൻ പോകുന്ന ലോകരക്ഷകനെക്കുറിച്ച്)*

"ഞാൻ ജെറുസലെം മുതൽ സുവിശേഷത്തിൽ പറയുന്ന എല്ലാ സ്ഥലങ്ങളിലും സഞ്ചരിച്ചു. പുകപോലെ അസ്ഥിരമായി ഞാൻ വിചാരിച്ചിരുന്ന സംഗതികളെല്ലാം പാറപോലെ സ്ഥിരമുള്ളതായി ഞാൻ കണ്ടു... യേശുവേ, നീ മനുഷ്യവർഗ്ഗത്തിന്റെ മൂലക്കല്ല്..."

-ഏണസ്റ്റ് റെനാൻ

*(ഫ്രഞ്ച് ദാർശനികനും യുക്തിവാദികളുടെ ആചാര്യനുമായവൻ; യേശു മിഥ്യാവാദം സ്ഥാപിക്കാൻ കഠിനാദ്ധ്വാനം ചെയ്തെങ്കിലും അവസാനം ലോകത്തോട് ഇങ്ങനെ ഏറ്റുപറയുകയാണ് ചെയ്തത്.)*

"എന്നെ സ്വാധീനിച്ച ഏക വ്യക്തി- യേശു" - മദർ തെരേസ

"ഈ ലോകത്തുള്ള സർവ്വമനുഷ്യരും ഒത്തുചേരുന്ന വേദിയിൽ അദ്ധ്യക്ഷസ്ഥാനത്ത് ഇരിക്കാൻ യോഗ്യതയുള്ള ഒരേ ഒരു വ്യക്തി-യേശുക്രിസ്തു"

- വിവേകാനന്ദൻ

"എന്റെ യേശുവേ, സകല ഭൗതികശാസ്ത്രങ്ങളും ഗ്രഹിച്ചതിനുശേഷവും അങ്ങയെ അറിയാതിരിക്കുന്ന മനുഷ്യൻ എത്ര നിർഭാഗ്യവാനാണ്." -വി. അഗസ്തിനോസ്

*(The Great Orator in the world' എന്നറിയപ്പെട്ടിരുന്ന, പണ്ഡിതകേസരിയായിരുന്ന സെന്റ് അഗസ്റ്റിൻ 30-ാം വയസ്സിൽ യേശുവിനെ കണ്ടെത്തിയപ്പോൾ)*

"ക്രിസ്തു ഒരു മനുഷ്യനല്ല, അലക്സാണ്ടറും, കൈസറും , ഷാർലിമെയ്നും വലിയ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. അവ തകർന്നുപോയി. ഞാനും ഒരു സാമ്രാജ്യം സ്ഥാപിച്ചു. അത് തകർന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവേ, അങ്ങയുടെ സാമ്രാജ്യം വളർന്നുകൊണ്ടിരിക്കുന്നു."

-നെപ്പോളിയൻ

"വരാനിരിക്കുന്ന സർവ്വജ്ഞാനിയെ കാത്തിരിക്കുക. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ എങ്ങനെ പെരുമാറണമെന്ന് അവൻ പറഞ്ഞുതരും. -സോക്രട്ടീസ്

# യേശുവിനെക്കുറിച്ച് മഹത് വ്യക്തികൾ

ക്രിസ്തുവിന്റെ കാലത്താണ് ഞാൻ ജീവിച്ചിരുന്നതെങ്കിൽ കണ്ണീരു കൊണ്ടല്ല, എന്റെ ഹൃദയരക്തം കൊണ്ടുതന്നെ ഞാൻ അവിടുത്തെ പാദങ്ങൾ കഴുകുമായിരുന്നു. ക്രിസ്തുവിന്റെ പ്രേഷിതരെ ഞങ്ങൾക്ക് ആവശ്യമുണ്ട്. അവർ നൂറുകണക്കിന് ഇന്ത്യയിലേക്ക് വരട്ടെ. ക്രിസ്തുവിന്റെ ജീവിതത്തെ ഞങ്ങൾക്കായ് നിങ്ങൾ കൊണ്ടുവരുവിൻ. അത് ഞങ്ങളുടെ സമുദായത്തിന്റെ അന്തഃസ്സത്തയെ ഗ്രസിക്കട്ടെ. ഇന്ത്യയുടെ എല്ലാ ഗ്രാമങ്ങളിലും, അല്ല; എല്ലാ മൂലകളിലും ക്രിസ്തു പ്രസംഗിക്കപ്പെടട്ടെ.

**-സ്വാമി വിവേകാനന്ദൻ**

*(വിവേകാനന്ദസാഹിത്യസർവ്വസ്വം Vol.7 P.70)*

"എനിക്കു ലാഭമായിരുന്ന ഇവയെല്ലാം ഞാൻ ക്രിസ്തുവിനെപ്രതി നഷ്ടമായി കണക്കാക്കി. ഇവ മാത്രമല്ല, എന്റെ കർത്താവായ യേശുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു."

**ഫിലി. 3:7-8**

*(യഹൂദപണ്ഡിതനായ ഗമാലിയേലിന്റെ ശിഷ്യനും പണ്ഡിതശിരോമണിയും ഒരു കാലത്ത് യേശുവിന്റെ ബദ്ധശത്രുവുമായിരുന്ന St. Paul)*

"അനുഗ്രഹീതനായ യേശുവേ, ഞാൻ അങ്ങയുടേതാണ്. ഇന്ത്യ എന്നെ ഭർസിച്ചാലും ഹിംസിച്ചാലും ശരി, തുള്ളിതുള്ളിയായി എന്റെ ജീവരക്തം ഊറ്റിയെടുത്താലുംശരി, അപ്പോഴും നാഥാ ഞാൻ അങ്ങേയ്ക്ക് അർച്ചനനടത്തും. എന്റെ ഈ അധരങ്ങൾ അവിടുത്തെ സ്തുതി പാടുന്നതിനുള്ളതാണ്, ഈ കരങ്ങൾ അവിടുത്തെ ശുശ്രൂഷയ്ക്കുള്ളവയും.

ദൈവപുത്രാ, ഞാൻ അങ്ങയെപ്രതി നിന്ദിക്കപ്പെട്ടാലും മർദ്ദിക്കപ്പെട്ടാലും ശരി, ഞാൻ എന്നും അങ്ങയെ സ്നേഹിക്കും, അവിടുത്തെ പാദാന്തികത്തിൽ ഒരു എളിയദാസനായി എന്നെന്നും ഞാൻ വർത്തിക്കുകയും ചെയ്യും. എന്റെ ക്രിസ്തുവേ, എന്റെ ഹൃദയത്തിന്റെ മാണിക്യമേ, എന്റെ ആത്മാവിന്റെ ആഭരണമേ, 20 വർഷങ്ങളായി എന്റെ ഈ തകർന്ന ഹൃദയത്തിന്റെ ശ്രീകോവിലിൽ ഞാൻ അങ്ങയെ ഭജിക്കുന്നു. പൗലോസിനോടുകൂടെ ഞാനും പറയുന്നു: എനിക്കു ജീവിതം ക്രിസ്തുവാണ്."

***-ബ്രഹ്മസമാജത്തിന്റെ തൃതീയനേതാവ് ശ്രീ. കേശവചന്ദ്രസെൻ.***

"യൂദായിൽനിന്നും ലോകത്തിന്റെ മുഴുവൻ നാഥനും ഭരണകർത്താവുമായവൻ അനതിവിദൂരഭാവിയിൽ വരുമെന്ന് പ്രാചീനപ്രവചനങ്ങളെ ആസ്പദമാക്കി ജനങ്ങൾ ദൃഢമായി വിശ്വസിച്ചിരുന്നു."

**-റോമൻ ചരിത്രകാരനായ ടാസിറ്റസ്**

# Quotes of Saints about Jesus Christ

When we speak about wisdom, we are speaking of Christ. When we speak about virtue, we are speaking of Christ. When we speak about justice, we are speaking of Christ. When we speak about peace, we are speaking of Christ. When we speak about truth and life and redemption, we are speaking of Christ.

**St. Ambrose of Milan**

Christ with me, Christ before me, Christ behind me, Christ within me, Christ below me, Christ above me, Christ at my right, Christ at my left, Christ in lying down, Christ in sitting, Christ in rising up, Christ in the heart of every man who thinks of me, Christ in the mouth of every man who speaks to me, Christ in every eye that sees me, Christ in every ear that hears me.

**St. Patrick of Ireland**

If, then, you are looking for the way by which you should go, take Christ, because He Himself is the way.

**St. Thomas Aquinas**

Mount Calvaryis the academy of love.

**St. Francis de Sales**

I bind myself today The might of the Incarnation of Christ with that of His Baptism The might of His Crucifixion with that of His Burial, The might of His Resurrection with that of His Ascension, The might of His Coming on the Judgment Day

**St. Patrick of Ireland**

The Church has always taught that all our penance without Christ's passion is not worth a pea

**St. Thomas Moore**

Here learn the science of the Saints: All is to be found in the passion of Jesus. Make every effort to remain hidden in the wounds of Jesus, and you will be enriched with every good and every true light, enabling you to fly to that Perfection which is consonant with your way of life.

**St. Paul of the Cross**

# Quotes of Saints about Jesus Christ

The passion of Jesus is a sea of sorrows, but it is also an ocean of love. Ask the Lord to teach you to fish in this ocean. Dive into its depths. No matter how deep you go, you will never reach the bottom.

**St. Paul of the Cross**

Make a little bouquet of the sufferings of Jesus and carry them in the bosom of the soul.

**St. Paul of the Cross**

The Child, the Lord Jesus Christ . . . Word in our flesh, Wisdom in infancy, Power in weakness, and in true Man, the Lord of Majesty.

**Pope St. Leo the Great**

He belongs to you, but more than that, He longs to be in you, living and ruling in you, as the head lives and rules in the body. He wants His breath to be in your breath, His heart in your heart, and His soul in your soul.

**St. John Eudes**

Celebrate the feast of Christmas every day, even every moment in the interior temple of your spirit, remaining like a baby in the bosom of the heavenly Father, where you will be reborn each moment in the Divine Word, Jesus Christ.

**St. Paul of the Cross**

## സെഹിയോനിലെ താമസിച്ചുള്ള ധ്യാനശുശ്രൂഷകൾ

- വൈദികർക്ക് വേണ്ടിയുള്ള ധ്യാനം എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8 മണിക്ക് അവസാനിക്കുന്നു.
- ആന്തരിക സൗഖ്യവളർച്ചാധ്യാനം ആദ്യ ഞായർ ഒഴികെയുള്ള ഞായറാഴ്ചകളിൽ ഉച്ചയ്ക്ക് 2 മണി മുതൽ വെള്ളിയാഴ്ച രാവിലെ 8 മണിവരെ.

ധ്യാനത്തിന്റെ സീറ്റ് ബുക്കിംഗ് സംബന്ധമായ വിവരങ്ങൾക്ക് ഓഫീസിൽ ബന്ധപ്പെടുക.

Ph : 04924-327710 (9am-5pm)

ബുക്കിംഗിന് ഈ നമ്പറിൽ മാത്രം വിളിക്കുക.

# ഫാ. സേവ്യർ ഖാൻ വട്ടായിൽ & ടീം നയിക്കുന്ന ടെലിവിഷൻ ശുശ്രൂഷകൾ

**ശാലോം ടി.വിയിൽ**

## അഭിഷേകാഗ്നി

ഞായറാഴ്ച രാത്രി 8.30 മുതൽ 9.00 വരെ വെള്ളിയാഴ്ച രാവിലെ 11.00 മുതൽ 11.30 വരെ. ശനിയാഴ്ച രാത്രി 1.30 മുതൽ 2.00 വരെ

**ജീവൻ ടി.വി. യിൽ**

## മാറാനാത്ത

എല്ലാ ശനിയാഴ്ചയും രാവിലെ 6.00 മുതൽ 6.30 വരെ

**ഏഷ്യാനെറ്റ് കേബിൾ വിഷനിൽ**

## റാഫാ യഹോവ

എല്ലാ തിങ്കളാഴ്ചയും രാവിലെ 6.00 മുതൽ 6.30 വരെ

**ഡിവൈൻ ടി.വി.യിൽ**

## എൽഷദായ്

എല്ലാ ശനിയാഴ്ചയും രാത്രി 7.30 മുതൽ 8.00 വരെ
യൂറോപ്പിലും, ഗൾഫ് രാജ്യങ്ങളിലും

യേശുനാമത്തിൽ എല്ലാവർക്കും സ്വാഗതം

## ആദ്യവെള്ളി കൺവെൻഷൻ

മാസാദ്യ വെള്ളിയാഴ്ചകളിൽ രാവിലെ 7.30 മുതൽ വൈകുന്നേരം 3.30 വരെ
ദിവ്യബലി, വചനശുശ്രൂഷ, രോഗശാന്തി ശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന







# ബഹു. സേവ്യർഖാൻ വട്ടായിലച്ചൻ രചിച്ചിരിക്കുന്ന ലീഫ്‌ലെറ്റുകൾ



ദൈവവചനമാകുന്ന വാൾ എടുക്കുക.



കുട്ടികൾക്ക് വിശുദ്ധരുടെ പേരുകൾ ഇടണം



നിങ്ങളുടെ സംഖ്യ കുറഞ്ഞുപോകരുത്



ഒന്നും നിങ്ങളെ ഉപദ്രവിക്കുകയില്ല



മദ്യപാനം അരുത്



അവരെ തടയേണ്ട



മിശ്രവിവാഹം വചനാനുസൃതമോ?



ശപിക്കരുത്

ഈ ലീഫ്‌ലെറ്റുകൾ താങ്കളുടെ ഇടവകയിലോ, പ്രാർത്ഥനാഗ്രൂപ്പിലോ, ജോലിസ്ഥലത്തോ വിതരണം ചെയ്യാൻ ദൈവാത്മാവ് പ്രേരിപ്പിക്കുന്നുവെങ്കിൽ താഴെകാണുന്ന നമ്പറുകളിൽ വിളിക്കുമല്ലോ. ഫോൺ : 04924 253333, 253647, 9847510022



# സെഹിയോന്റെ ആത്മീയ നേതൃത്വം



റവ: ഫാ.സേവ്യർഖാൻ വട്ടായിൽ



**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ



റവ: ഫാ.ഗിൽബർട്ട് എട്ടൊന്നിൽ



റവ: ഫാ.ആന്റണി നെടുംപുറത്ത്



റവ: ഫാ.ബിനോയി കരിമരുതിങ്കൽ



റവ: ഫാ.സോജി ഓലിക്കൽ



റവ: ഫാ.റെനി പുല്ലുകാലായിൽ



റവ: ഫാ. ഫ്രാൻസിസ് തോട്ടങ്കര



റവ: ഫാ. സാജു ഇലഞ്ഞിയിൽ

ഈ സന്ദേശം സ്വീകരിക്കുന്ന പ്രിയരേ,

യേശുനാമം വിളിച്ച് പ്രാർത്ഥിച്ചപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവങ്ങൾ എഴുതി

അറിയിക്കുക. ഈ പുസ്തകം നിങ്ങൾക്ക് അനുഗ്രഹമായെങ്കിൽ നിങ്ങൾക്കുണ്ടായ അനുഭവങ്ങൾ എഴുതുമല്ലോ.

Fr. Xavier Khan Vattayil
Sehion Retreat Centre, Thavalam P.O.
Attapady, Palakkad - 678 589.





## പ്രാർത്ഥന

കർത്താവായ യേശുവേ,
അങ്ങയെ എന്റെ ജീവിതത്തിന്റെ രക്ഷിതാവും
കർത്താവുമായി ഞാൻ ആരാധിക്കുന്നു.
ദാവീദിന്റെ വംശജനും മരിച്ചവരിൽനിന്നും
ഉയിർത്തവനുമായ യേശുവേ,
അങ്ങയുടെ നാമത്തിന്റെ അൽഭുത ശക്തി
എന്റെ മേൽ നിറയട്ടെ! എന്റെ നിറുക മുതൽ
ഉള്ളംകാൽ വരെ ഓരോ കോശങ്ങളിലേക്കും
യേശുനാമം വ്യാപരിക്കട്ടെ! യേശു എന്ന നാമം
ഒരഗ്നിയായി എന്നിൽ കത്തട്ടെ!

യേശുനാമത്തിന്റെ ശക്തി എന്നിൽ നിന്നും
സദാ പ്രവഹിച്ചുകൊണ്ടിരിക്കട്ടെ!
യേശുവേ..... യേശുവേ..... യേശുവേ......
(ആവർത്തിച്ചാവർത്തിച്ച് യേശുനാമം വിളിച്ചു സ്തുതിക്കുന്നു)

# യേശു നാമത്തിന്റെ ശക്തി



"കർത്താവിന്റെ നാമം ബലിഷ്ഠമായ ഒരു ഗോപുരമാണ്.
നീതിമാൻ അതിൽ ഓടിക്കയറി സുരക്ഷിതനായിക്കഴിയുന്നു."
(സുഭാ 18:10)
"കർത്താവിന്റെ നാമം നീ വഹിക്കുന്നതു കാണുമ്പോൾ
ലോകത്തിലുള്ള സകല മനുഷ്യരും നിന്നെ ഭയപ്പെടും."
(നിയ 28:10)
നീ കുരുടിപ്പാമ്പിനെയും പൊട്ട അണലിയെയും പോലെ ആണോ ?
ഉന്നതനും ശ്രേഷ്ഠനുമായവനേ നീ ഇതു ഗ്രഹിക്കുന്നുവോ ?
യേശുവിനെയും യേശുനാമത്തെയും സ്വന്തമാക്കിയവൻ
ജീവനെ സ്വന്തമാക്കിയിരിക്കുന്നു .

"പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു .
ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവൻ ഇല്ല."
(1 യോഹ 5:12)
"ഏകസത്യദൈവമായ അവിടുത്തെയും അങ്ങു അയച്ച
യേശുക്രിസ്തുവിനെയും അറിയുക എന്നതാണു നിത്യജീവൻ."
(യോഹ 17:3)

യേശുവിനെയും യേശുനാമത്തെയും അറിയുവാൻ
ഈ പുസ്തകത്തിലൂടെ പരിശുദ്ധാത്മാവ് സഹായിക്കുന്നു.
ആത്മീയ ദാഹത്തോടെ ഈ പുസ്തകം തുറന്നു വായിക്കുക.



അഡ്രസ്സ്



ഫാ.സേവ്യർഖാൻ
വട്ടായിൽ

ഡയറക്ടർ
സെഹിയോൻ ധ്യാനകേന്ദ്രം.
താവളം പി.ഒ, അട്ടപ്പാടി.
പാലക്കാട് -678 589
ഫോൺ:04924 253333,253647,327770.

e-mail : director@sehion.org
web: www.sehion.org

*For Private Circulation Only*